**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2312** **06-07-2022 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ നിലവിലെ ഹോസ്ദുർഗ്ഗ്, നീലേശ്വര എന്നീ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച പുതുതായി വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നത് ഉൾപ്പെടെ അധികാ അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ മൂന്നു ഘട്ടങ്ങളിലായി രൂപീകരിക്കുന്നതിനായി ലഭ്യമാക്കിയിരുന്ന എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ പരിശോധിക്കുകയും, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ആയത്ര പരിഗണിക്കുവാൻ കഴിയുകയില്ല എന്നും, ശുപാർശയിൽ ഒന്നാം ഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി അടുത്ത സാമ്പത്തിക വർഷത്തിൽ വിശദമായ ശുപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ എക്സൈസ് സർക്കിൾ ഓഫീസുകൾക്ക് കീഴിൽ എക്സൈസ് റേഞ്ച് ഓഫീസുകൾ ഇല്ലായെന്നത് വിശദമാക്കാമോ; | (ബി) | വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസിന് കീഴിൽ മാത്രമാണ് എക്സൈസ് റേഞ്ച് ഓഫീസുകൾ നിലവിലില്ലാത്തത്. |
| (സി) | പ്രസ്തുത സ്ഥലങ്ങളിൽ റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് തീരുമാനം ആയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ നിലവിലെ ഹോസ്ദുർഗ്ഗ്, നീലേശ്വരം എന്നീ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതുതായി വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നത് ഉൾപ്പെടെ അധികാര അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് |

| | | | |
|---|---|---|---|
| | | | പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ആയതു പരിഗണിക്കുവാൻ കഴിയുകയില്ല എന്നും, 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി അടുത്ത സാമ്പത്തിക വർഷത്തിൽ വിശദമായ ശുപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ